"ഭരണഭാഷ - മാതൃഭാഷ"

നം. ICDS/A5/4281/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 19.06.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

ശിശുവികസന പദ്ധതി ഓഫീസർ
വെള്ളനാട്, റാന്നി അഡീഷണൽ, മുതുകുളം,
ദേവികുളം അഡീഷണൽ, ഈരാറ്റുപേട്ട,
തളിക്കുളം, നിലമ്പൂർ അഡീഷണൽ, മാനന്തവാടി,
അട്ടപ്പാടി, ഇരിട്ടി, കാസർഗോഡ് അഡീഷണൽ

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് – **ആദ്യ 1000 ദിന പരിപാടി** – ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന: സ.ഉ (സാധാ) നം. 217/2020/സാനീവ തീയതി: 11.06.2020

**ആദ്യ 1000 ദിന പരിപാടി** അട്ടപ്പാടി ഉൾപ്പെടെ 11 പ്രോജക്ടുകളിൽ നടപ്പാക്കുന്നതിന് സൂചന പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പദ്ധതിയിലുൾപ്പെട്ട ഗർഭിണികൾക്കുള്ള മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നത് ബുദ്ധിമുട്ടായതിനാൽ ഒരു അംഗീകൃത മെഡിക്കൽ പ്രാക്ടീഷണറുടെ രേഖാമൂലമുള്ള ശുപാർശയ്ക്ക് വിധേയമായി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ താങ്കളുടെ പ്രോജക്ടിൽ നിന്നും മെഡിക്കൽ പ്രാക്ടീഷണർ ശുപാർശ ചെയ്തിട്ടുള്ള ഗർഭിണികൾ / മുലയൂട്ടുന്ന അമ്മമാരുമായ ഗുണഭോക്താക്കളുടെ എണ്ണം 15 ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നറിയിക്കുന്നു. ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് തെറാപ്യൂട്ടിക് ഫുഡ് നൽകുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതാണ്.

**വിശ്വസ്തതയോടെ**

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

**പകർപ്പ്:** ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്

SK/20